(ബി) സ്പെഷ്യൽ ക്ലാസ്സുകൾ വഴി വിദ്യാർത്ഥികൾക്ക് സർവ്വകലാശാലാ പരീക്ഷകൾക്ക് തയ്യാറെടുപ്പ് നടത്താൻ പദ്ധതി വിഭാവനം ചെയ്യുന്നു. ക്വസ്റ്റ്യൻ ബാങ്ക് വിതരണം, പൊതുവായ ചില വിഷയങ്ങളെപ്പറ്റിയുള്ള ക്ലാസ്സുകൾ എന്നിവ പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നു. സർവ്വകലാശാലാ പരീക്ഷയുടെ മാതൃകയിലുള്ള ചോദ്യപേപ്പറുകൾ തയ്യാറാക്കി വിശദമായ ഉത്തരസൂചികകളോടൊപ്പം വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നു.

(സി) 2012-13 വർഷം മുതൽ ഈ പദ്ധതി സർക്കാർ കോളേജുകളിൽ നടപ്പാക്കിയിട്ടുണ്ട്. 2013-14 വർഷം 45 എയ്ഡഡ് കോളേജുകളിലും ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

വോക്ക് വിത്ത് എ സ്കോളർ പദ്ധതി

8 (6974) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വോക്ക് വിത്ത് എ സ്കോളർ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ ഏതെല്ലാം മേഖലകളിലെ വിദ്യാർത്ഥികളെ ആണ് ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) വിദഗ്ദ്ധരുടെ ഉപദേശങ്ങൾ വിദ്യാർത്ഥികൾക്ക് ലഭിക്കുവാൻ എന്തെല്ലാം കാര്യങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് ;

(ഡി) എന്നുമുതലാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) കേരളത്തിലെ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ ബിരുദതല വിദ്യാർത്ഥികളെ ഉദ്ദേശിച്ചുള്ള പദ്ധതിയാണിത്. ഓരോ കോളേജിലും തെരഞ്ഞെടുക്കപ്പെട്ട 30 കുട്ടികൾക്കാണ് ഈ പദ്ധതിയുടെ പ്രയോജനം നേരിട്ട് ലഭിക്കുക. കോളേജിൽ ആദ്യവർഷ ബിരുദ കോഴ്സിൽ ചേരുന്ന ഒരു വിദ്യാർത്ഥിയുടെ ജീവിതലക്ഷ്യം കണ്ടെത്തി അതിലേക്ക് എത്തിപ്പെടാൻ വിദ്യാർത്ഥിക്കുവേണ്ട പ്രചോദനവും പരിശീലനവും നൽകുക എന്നതാണ് പരിപാടിയുടെ മുഖ്യലക്ഷ്യം. മൂന്ന് വർഷവും വിദ്യാർത്ഥികൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കത്തക്കവിധത്തിലാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ഓരോ വിദ്യാർത്ഥിയേയും കോളേജിലെ ഒരു ആന്തരിക ഉപദേഷ്ടാവിന്റെ (ഇന്റേണൽ മെന്റർ) കീഴിലാക്കുന്നു. ഈ ഉപദേഷ്ടാവ് കോളേജിലെ ഒരു അദ്ധ്യാപകനോ അദ്ധ്യാപികയോ ആയിരിക്കും. വിദ്യാർത്ഥിയുമായി സംവദിച്ച് വിദ്യാർത്ഥിക്കു വേണ്ടി പിന്തുണ നൽകുക എന്നതാണ് ആന്തരിക ഉപദേഷ്ടാവിന്റെ മുഖ്യകർത്തവ്യം. അതോടൊപ്പം

LIBRARY ARCHIVES Kerala Legislative Assembly